## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2558** **15-10-2024 - ൽ മറുപടിയ്ക്ക്**

### സഹകരണ വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **I) സമഗ്ര നിയമ ഭേദഗതി അംഗീകരിച്ചു.**<br><br>സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും ഈ രംഗത്തെ ആശ്യസ്യമല്ലാത്ത പ്രവണതകൾ ഇല്ലാതാക്കുന്നതിനായി കേരള സഹകരണ സംഘം നിയമത്തിൽ സമഗ്ര ഭേദഗതി അംഗീകരിച്ച് നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.<br><br>ii) **ഓഡിറ്റ് സുതാര്യമാക്കാൻ നടപടി സ്വീകരിച്ചു.**<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി . സംസ്ഥാന ഒട്ടാകെ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുകയും ചെയ്യുന്നു.<br><br>സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.<br><br>ജില്ലാ തലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുന്നതിലേ യ്ക്കായി ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് **Generally Accepted Accounting Principles-** ലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ തയ്യാറാക്കുന്നതിനും ആയതിനുശേഷം ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനും സഹകരണ ഓഡിറ്റ് ഡയറക്ടറുടെ അധ്യക്ഷതയിൽ സമിതി രൂപീകരിക്കുന്നതിന് **3/10/2024** ലെ സ. ഉ(സാധാ) നം **502/2024**/സഹ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഓഡിറ്റ് **MATRIX**–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. ഓഡിറ്റ് **MATRIX-**ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് **MATRIX** ആഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിയ്ക്കുവാൻ നിഷ്കർഷിച്ചിട്ടുണ്ട്.

**iii) <u>I.C.D.M.S. (Integrated Co-operative Department Management System)</u>**

സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി I.C.D.M.S (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/ സഹകരണ സംഘങ്ങൾക്ക് തന്നെ നേരിട്ട് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും, ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ വഴി ഒടുക്കുന്നതിനും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും I.C.D.M.S. ലൂടെ സൗകര്യം ഒരുക്കിയിട്ടുണ്ട്.

സംസ്ഥാന/എൻ.സി.ഡി.സി പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേക്കുമായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് **(U.A.T.)** നടപടികൾ പുരോഗമിക്കുന്നു.

**iv)സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം :-**

സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്ന തിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**v).Co-operative Audit Monitoring & Information System (C.A.M.I.S.)**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി **I.C.D.M.S.** പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് **&** ഇൻഫർമേഷൻ സിസ്റ്റം **(C.A.M.I.S.)** എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണ ത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും **C.A.M.I.S.** ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി **www.camis.kerala.gov.in** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**vi) ഇ-ആഫീസ്**

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി വരുന്നു.

**vii)വെബ് സൈറ്റ്**

സഹകരണ വകുപ്പിന്റെ വെബ് സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഡിറ്റിനെ ചുമതലപ്പെടുത്തി ആയത് പൂർത്തീകരിച്ചിട്ടുണ്ട്.

**viii) ഓൺലൈൻ പൊതുസ്ഥലമാറ്റം**

| | | | |
|---|---|---|---|
| | | | സഹകരണ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലമാറ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ix) <u>**വകുപ്പിന്റെ പുനർ വിന്യാസം**</u><br><br>വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ പുന:സംഘടനയ്ക്കും ഓഡിറ്റ് സംവിധാനം പരിഷ്കരിക്കുന്നതിനും സമർപ്പിച്ച പ്രപ്പോസലിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവർത്തി പഠനം നടത്തി വരുന്നു. |
| (ബി) | പുതിയതായി രൂപീകരിച്ചിട്ടുള്ള താലൂക്കുകളിൽ ആഡിറ്റ് വിഭാഗം ആഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (ബി) | സഹകരണ വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച പ്രപ്പോസലിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവർത്തി പഠനം നടത്തി വരുന്നു. |
| (സി) | അർബൻ ബാങ്കുകളിൽ ഒഴിഞ്ഞുകിടക്കുന്ന കൺകറന്റ് ആഡിറ്റർമാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് അർബൻ ബാങ്കുകൾ ഭരണസമിതി തീരുമാനം എടുത്ത് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സഹകരണ വകുപ്പിൽ ജീവനക്കാരുടെ പ്രമോഷനുകൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ഡി) | സഹകരണ വകുപ്പിലെ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം കാലതാമസം കൂടാതെ സമയബന്ധിതമായി നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ